"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - 2019 വർഷത്തെ നാടൻ തോട്ടണ്ടി സീസണിൽ കാസർഗോഡ് ജില്ലയിലെ M/s Mahsooq Trading Company കാപ്പക്സിന് നാടൻ തോട്ടണ്ടി (Raw Cashew Nut) സംഭരിച്ച് നൽകിയ വകയിൽ ബാക്കിയുള്ള തുക നൽകണമെന്ന ആവശ്യം നിരസിച്ചും പരാമർശ വിഷയത്തിൽ M/s Mahsooq Trading Company ഉടമ ശ്രീ മുഹമ്മദ് കുഞ്ഞി.കെ.എ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 19763/2022 -ലെ 08/08/2023 തീയതിയിലെ വിധിന്യായം പാലിച്ച് തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.274/2024/ID തീയതി,തിരുവനന്തപുരം, 03-04-2024

---

പരാമർശം:-

1. WP(C)No.19763/2022 -ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 08/08/2023 തീയതിയിലെ വിധിന്യായം.
2. RP No. 904/23 -ൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച 11/09/2023 തീയതിയിലെ വിധിന്യായം.
3. ശ്രീ മുഹമ്മദ് കുഞ്ഞി കെ.എ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുൻപാകെ സമർപ്പിച്ച 23/09/2023 തീയതിയിലെ നിവേദനം.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II), കേരള -യുടെ 23/02/2024 തീയതിയിലെ കത്ത് നം. AMG II/HQ II/A/18-494/42.
5. കാപ്പക്സ് മാനേജിംഗ് ഡയറക്ടറുടെ 04/03/2024 തീയതിയിലെ Capex/IND-K/2023-24 നമ്പർ കത്ത്.

**ഉത്തരവ്**

2019 വർഷത്തെ നാടൻ തോട്ടണ്ടി സീസണിൽ ശ്രീ മുഹമ്മദ് കുഞ്ഞി കെ.എ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കാസർഗോഡ് ജില്ലയിലെ M/s Mahsooq Trading Company യും സർക്കാർ നിയന്ത്രണത്തിൽ കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് കാഷ്യു വർക്കേഴ്സ് അപ്പെക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (CAPEX) -യും നാടൻ തോട്ടണ്ടി (Raw Cashew Nut) സംഭരിച്ച് കാപ്പക്സിന് ലഭ്യമാക്കുന്നതിന് കരാറിൽ ഏർപ്പെട്ടിരുന്നു. ഇതു പ്രകാരം M/s Mahsooq Trading Company കാപ്പക്സിന് 449.60 മെട്രിക് ടൺ തോട്ടണ്ടി (Raw Cashew Nut) സംഭരിച്ച് നൽകി. പ്രസ്തുത തോട്ടണ്ടിയുടെ വിലയിനത്തിൽ 80% തുക കാപ്പക്സ് ടി കമ്പനിയ്ക്ക് നൽകിയിരുന്നു. 2018, 2019 വർഷങ്ങളിൽ കാപ്പക്സ് നാടൻ തോട്ടണ്ടി സംഭരിച്ചതിൽ ക്രമക്കേടുകൾ സംബന്ധിച്ച് ആരോപണങ്ങൾ ഉയർന്നതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ പരിശോധനാ എൻ.റ്റി.എ വിഭാഗം CAPEX-ന്റെ കൊല്ലത്തെ ഹെഡ് ഓഫീസിലും, ഫാക്ടറികളിലും അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ട് വ്യവസായ വകുപ്പിൽ ലഭ്യമാക്കുകയും ചെയ്തിരുന്നു. ടി അന്വേഷണ റിപ്പോർട്ടിൽ മഹ്സൂക്ക് ട്രേഡിംഗ് കമ്പനിയ്ക്ക് നൽകുവാൻ അവശേഷിക്കുന്ന 118 ലക്ഷം രൂപ (20%) അനുവദിച്ച് നൽകേണ്ടതില്ലെന്ന് ധനകാര്യ പരിശോധനാ വിഭാഗം ശിപാർശ ചെയ്തിരുന്നു.

2) തുടർന്ന്, ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം കാപ്പക്സ് മാനേജിംഗ് ഡയറക്ടറെ സർക്കാർ സസ്പെൻഡ് ചെയ്യുകയും പരാമർശ ക്രമക്കേടുകളിന്മേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്തിരുന്നു. പ്രസ്തുത സാഹചര്യത്തിൽ M/s Mahsooq Trading Company-യ്ക്ക് നൽകാനുള്ള ബാക്കി തുക തൽക്കാലം അനുവദിച്ച് നൽകാൻ നിർവ്വാഹമില്ലെന്ന് 24/02/2022 -ലെ കെ2/109/2020/വ്യവ. നമ്പർ കത്ത് പ്രകാരം സർക്കാർ ടി കമ്പനിയെ അറിയിച്ചു.

3) തുടർന്ന്, ബാക്കിയുള്ള 20% തുക നൽകാൻ സർക്കാരിന് നിർദ്ദേശം നൽകണമെന്ന് അപേക്ഷിച്ചു കൊണ്ട് ടി കമ്പനി ഉടമ ശ്രീ മുഹമ്മദ് കുഞ്ഞി.കെ.എ ബഹു. ഹൈക്കോടതിയിൽ WP(C) No. 19763/2022 ആയി റിട്ട് ഹർജി ഫയൽ ചെയ്തു. പ്രസ്തുത റിട്ട് ഹർജി പരിഗണിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി പരാമർശം (1) പ്രകാരം വിധി പുറപ്പെടുവിച്ചെങ്കിലും പ്രസ്തുത ഉത്തരവിൽ വിജിലൻസ് അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകൾ കൂടി ഉൾപ്പെടുത്തണമെന്ന് അപേക്ഷിച്ച് ഹർജിക്കാരൻ RP 904/23 നമ്പരായി റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തു. തുടർന്ന് പരാമർശം (2) പ്രകാരം ബഹു. ഹൈക്കോടതി പ്രസ്തുത ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിച്ചു. ബഹു. ഹൈക്കോടതിയുടെ പരാമർശം (1) വിധി പ്രകാരം, ഹർജിക്കാരൻ രണ്ടാഴ്ചയ്ക്കുള്ളിൽ സർക്കാരിൽ നിവേദനം സമർപ്പിക്കേണ്ടതാണെന്നും വിധി പകർപ്പ് ലഭിച്ച് 6 ആഴ്ചകൾക്കുള്ളിൽ ഹർജിക്കാരനെ നേരിൽ കേട്ട് ടി നിവേദനത്തിന്മേൽ സർക്കാർ തീരുമാനമെടുക്കണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചു.

4) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പ്രസ്തുത വിധി അനുസരിച്ച് പരാമർശം (3) പ്രകാരം ഹർജിക്കാരൻ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുൻപാകെ സമർപ്പിച്ച നിവേദനത്തിന്മേൽ 22/11/2023 -ന് വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറി ടിയാനെ നേരിൽ കേട്ടു.

5) M/s Mahsooq Trading Company കാപ്പക്സിന് സംഭരിച്ച് നൽകിയ തോട്ടണ്ടി ഇടപാട് സംബന്ധിച്ച് ഫിനാൻസ് റിപ്പോർട്ടിലെ കണ്ടെത്തലുകളിൽ കഴമ്പില്ലെന്നും വിജിലൻസിന്റെ അന്വേഷണ റിപ്പോർട്ടിൽ ടി കമ്പനിയുടെ തോട്ടണ്ടി സംഭരണവുമായി ബന്ധപ്പെട്ട് യാതൊരു പ്രതികൂല പരാമർശവുമില്ലാത്തതിനാലും 2016-19 -ലെ കാപ്പക്സിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശങ്ങളൊന്നും ഇല്ലാത്തതിനാലും ടി കമ്പനി നൽകിയ തോട്ടണ്ടിയിന്മേൽ RBS എന്ന ഗുണനിലവാര ഏജൻസിയുടെ മികച്ചതെന്ന ഗുണനിലവാര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കൂടാതെ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരവും കാപ്പക്സിന് 2019 -ൽ തോട്ടണ്ടി നൽകിയ ഇനത്തിൽ ലഭിക്കുവാനുള്ള ബാക്കി തുകയായ ₹1,18,07,648/- രൂപ അടിയന്തരമായി അനുവദിക്കാൻ നടപടികൾ സ്വീകരിക്കണമെന്ന് ഹിയറിംഗ് വേളയിൽ ഹർജിക്കാരൻ ബോധിപ്പിച്ചു.

6) അതേ സമയം, 28/04/2023 -ലെ കത്ത് നം. CA. IIIB/12-8934/02 പ്രകാരം അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) പുറപ്പെടുവിച്ച കാപ്പക്സിന്റെ 2019-23 കാലയളവിലെ Inspection Report -ൽ കാപ്പക്സിലെ നാടൻ തോട്ടണ്ടി സംഭരണവുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെന്നും M/s Mahsooq Trading Company ഉൾപ്പെടെയുള്ളവരിൽ നിന്നും തോട്ടണ്ടി സംഭരിച്ചത് സംബന്ധിച്ചുള്ള പരാമർശങ്ങൾ ഇപ്പോഴും നിലനിൽക്കുന്നതായും പരാമർശം (4) പ്രകാരം അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) സർക്കാരിനെ അറിയിച്ചു. അക്കൗണ്ടന്റ് ജനറലിന്റെ പ്രസ്തുത Inspection Report -ൽ M/s Mahsooq Trading Company -മായുള്ള തോട്ടണ്ടി ഇടപാട് പരാമർശിച്ചിട്ടുണ്ടെന്നും ആയതിന്മേലുള്ള നടപടി റിപ്പോർട്ട് അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) -ന് നൽകിയിട്ടുണ്ടെന്നും അതിനുള്ള മറുപടി ഇതുവരെ ലഭ്യമായിട്ടില്ലെന്നും കാപ്പക്സ് പരാമർശം (5) പ്രകാരം തുടർന്ന് സർക്കാരിൽ റിപ്പോർട്ട് ചെയ്തു.

7) തുടർന്ന് ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ടിന്റെയും വിജിലൻസ് & ആന്റി-കറപ്ഷൻ ബ്യൂറോയുടെ റിപ്പോർട്ടിന്റെയും അക്കൗണ്ടന്റ് ജനറലിന്റെ നിരീക്ഷണങ്ങളുടേയും അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലയിൽ നിന്നുള്ള ഒരു കൂട്ടം കർഷകർക്ക് വേണ്ടി ശ്രീ പി നാരായണൻ ധർമ്മൻ എന്ന വ്യക്തി മറ്റ് കർഷകരിൽ നിന്ന് തോട്ടണ്ടി വാങ്ങി നൽകാമെന്ന് കത്ത് മുഖേന കാപ്പക്സിനെ അറിയിക്കുകയും എന്നാൽ ടിയാൾക്ക് GST രജിസ്ട്രേഷൻ ഇല്ലാത്തതുകാരണം ഇതുമായി യാതൊരു ബന്ധവും ഇല്ലാത്ത ഒരു PWD കോൺട്രാക്ടർ കൂടിയായ ശ്രീ മുഹമ്മദ് കുഞ്ഞിയുടെ മഹ്സൂക് ട്രേഡിങ്ങ് കമ്പനിയുടെ ജിഎസ്ടി രജിസ്ട്രേഷൻ ഉപയോഗിച്ച് ബിൽ തയാറാക്കി തോട്ടണ്ടി വിൽക്കാം എന്ന നിർദേശം തൽപ്പര കക്ഷികൾ മുന്നോട്ട് വയ്ക്കുകയും അത് കാപ്പക്സ് ബോർഡ് കൂടി അംഗീകരിക്കുകയും ചെയ്തു. ഈ നടപടികൾ നിയമപരമോ സുതാര്യമോ അല്ല എങ്കിലും കേരളത്തിലെ കർഷകരുടെ പേരിൽ അവർക്ക്വേ വേണ്ടി പ്രത്യേക പരിഗണന നൽകി ഉയർന്ന വിലയിൽ വാങ്ങുന്ന തോട്ടണ്ടി യഥാർത്ഥ കർഷകരിൽ നിന്നാണോ സംഭരിച്ചതെന്ന് യാതൊരു പരിശോധനയും നടത്താതെ വാങ്ങുകയുമാണ് M/s Mahsooq Trading Company -മായുള്ള തോട്ടണ്ടി ഇടപാടിൽ ക്യാപെക്സിൽ നടത്തിയതെന്ന് സർക്കാരിന് ബോധ്യപ്പെട്ടു. കർഷകരിൽ നിന്നും 500 മെട്രിക് ടൺ തോട്ടണ്ടി ശേഖരിക്കാൻ ബോർഡ് തീരുമാനമെടുത്തിരുന്നില്ലായെന്നും കരാർ പത്രത്തിൽ 23 കർഷകർ നൽകുന്ന തോട്ടണ്ടി എത്തിക്കുന്നതിനാണ് ശ്രീ മുഹമ്മദ് കുഞ്ഞിയുമായി കരാർ ഒപ്പ് വച്ചതെന്നും, എന്നാൽ അവരുടെ കൃഷി

ഭൂമിയിൽ നിന്നും ഇത്രയും അളവിൽ തോട്ടണ്ടി ലഭ്യമാകുമോ എന്ന് യാതൊരു പരിശോധന നടത്തിയിട്ടില്ലെന്നും ഡയറക്ടർബോർഡ് തീരുമാനത്തിന്റെ മറവിൽ കർഷകരിൽ നിന്നും നേരിട്ട് സംഭരിച്ച എന്ന വ്യാജേന വ്യാപാരികൾക്ക് ഗുണം ചെയ്യുന്ന വിധത്തിൽ അമിതമായ അളവിൽ തോട്ടണ്ടി സംഭരിക്കുകയുമാണ് ചെയ്തതെന്നും ധനകാര്യ പരിശോധനാ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

8) സംസ്ഥാനത്തെ കശുമാവ് കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിന് വേണ്ടിയാണ് നാടൻ തോട്ടണ്ടിയ്ക്ക് സർക്കാരിന്റെ വില നിർണ്ണയ സമിതി ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിയെക്കാൾ ഉയർന്ന വില നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ആയത് ദുരുപയോഗം ചെയ്താണ് M/s Mahsooq Trading Company തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിൽ നിന്നും തോട്ടണ്ടി സംഭരിച്ച് കാപ്പക്സിന് നൽകിയത്. കാപ്പെക്സിന് തോട്ടണ്ടി എത്തിക്കുന്നതിനായി ഉപയോഗിച്ചിട്ടുള്ള വാഹനങ്ങൾക്ക് ഇ-വേ ബില്ലുകൾ സൃഷ്ടിച്ച അതേ ദിവസമോ/തലേ ദിവസമോ മഹ്സൂഖ് ടെയിഡിംഗ് കമ്പനി തമിഴ്നാട് ഉൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ വ്യാപാരികളിൽ നിന്നും തോട്ടണ്ടി എത്തിക്കുന്നതിനായി ടി വാഹനങ്ങൾക്കായി ഇ-വേ ബില്ലുകൾ സൃഷ്ടിച്ചിട്ടുണ്ട് എന്ന് ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിരുന്നതിൽ നിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പെടെയുള്ള വ്യാപാരികളിൽ നിന്നും കുറഞ്ഞ വിലയ്ക്ക് വാങ്ങിയ തോട്ടണ്ടിയാണ് മഹ്സൂഖ് ടെയ്ഡിംഗ് കമ്പനി കേരളത്തിലെ കർഷകരിൽ നിന്നും വാങ്ങിയ നാടൻ തോട്ടണ്ടി എന്ന പേരിൽ കാപ്പക്സിന് നൽകിയിരുന്നതെന്ന് വ്യക്തമായിട്ടുണ്ട് . കൂടാതെ ഫാം ഗേറ്റ് റേറ്റിന് അധികരിച്ച് കിലോയ്ക്ക് 3.50 രൂപ അധികമായി handling charge ഇനത്തിൽ മഹ്സൂഖ് ട്രേഡിംഗ് കമ്പനിയ്ക്ക് കാപ്പക്സ് നിശ്ചയിച്ച നൽകിയത് എന്ത് മാനദണ്ഡം അനുസരിച്ചാണെന്നതും വ്യക്തമല്ല.

9) 2019 ഏപ്രിൽ-മെയ് മാസം കേരള കാഷ്യൂ ബോർഡ് ഘാന ഒർജിനൽ തോട്ടണ്ടി കയറ്റിറക്ക് കൂലി ഉൾപ്പെടെ കിലോഗ്രാമിന് 75/- രൂപ നിരക്കിൽ ആവശ്യാനുസരണം തോട്ടണ്ടി ഇറക്കുമതി ചെയ്തുകൊണ്ടിരുന്ന അവസരത്തിലാണ് മഹ്സൂഖ് ടെയ്ഡിംഗ് കമ്പനി മുഖേന കേരളത്തിലെ കർഷകരിൽ നിന്നെന്ന വ്യാജേന തോട്ടണ്ടി സംഭരിച്ച് ചുവടെ പറയും പ്രകാരം കാപ്പക്സ് നഷ്ടം വരുത്തിയതായി ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുള്ളത്.

| | |
|---|---|
| 2019 മെയ് മാസം ഘാന ഒറിജിനൽ തോട്ടണ്ടി കാഷ്യൂബോർഡ് കാപ്പെക്സിന് ലഭ്യമാക്കിയ ശരാശരി വില | ₹75/കി.ഗ്രാം |
| M/s മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്നും കാപ്പക്സ് ഒന്നാം ഘട്ടത്തിൽ വാങ്ങിയ തോട്ടണ്ടിയുടെ വില | ₹123/കി.ഗ്രാം |
| മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്നും ആദ്യ ഘട്ടത്തിൽ വാങ്ങിയ തോട്ടണ്ടിയുടെ അളവ് | 399.95 മെട്രിക് ടൺ |
| ഒരു കിലോഗ്രാം RCN വാങ്ങിയതിലുണ്ടായ നഷ്ടം (₹123-₹75) | ₹48 രൂപ |
| M/s മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്നും ഒന്നാം ഘട്ടത്തിൽ തോട്ടണ്ടി വാങ്ങിയതിലൂടെ ഉണ്ടായ നഷ്ടം (399.95 MT X ₹48) | ₹1,91,97,600/- രൂപ |
| M/s മഹ്സൂഖ് ടെയിഡിംഗ് കമ്പനിയിൽ നിന്നും രണ്ടാം ഘട്ടതിൽ വാങ്ങിയ തോട്ടണ്ടിയുടെ അളവ് | 49.64 മെട്രിക് ടൺ |
| വാങ്ങിയ തോട്ടണ്ടിയുടെ വില | ₹110 രൂപ/കി.ഗ്രാം |
| ഒരു കിലോഗ്രാം RCN വാങ്ങിയതിലുണ്ടായ നഷ്ടം (₹110-₹75) | ₹35 രൂപ |
| രണ്ടാംഘട്ടത്തിൽ തോട്ടണ്ടി വാങ്ങിയതിലൂടെ ഉണ്ടായ നഷ്ടം (49.64 MT x ₹35) | ₹17,37,400/- |
| **ആകെ നഷ്ടം (19197600+1737400)** | **₹ 2,09,35,000/-** |
| M/s മഹ്സൂഖ് ടെയിഡിംഗ് കമ്പനിയ്ക്ക് ഇതുവരെ നൽകിയ തുക | ₹472.33 ലക്ഷംരൂപ |
| M/s മഹ്സൂഖ് ടെയിഡിംഗ് കമ്പനിയ്ക്ക് കരാർ പ്രകാരം നൽകുവാൻ ശേഷിക്കുന്ന (20%) തുക | ₹ 118.08 ലക്ഷം രൂപ |
| **M/s മഹ്സൂഖ് ടെയിഡിംഗ് കമ്പനിയ്ക്ക് ബാക്കി തുക അനുവദിക്കാതിരുന്നാൽ കാപ്പക്സിനുള്ള നഷ്ടം (₹ 2,09,35,000-** | **₹ 91.27 ലക്ഷം രൂപ.** |

| | |
|---|---|
| ₹118,08,000) | |

10) മഹ്സൂഖ് ട്രെയിഡിംഗ് കമ്പനിയും കാപ്പക്സും തമ്മിൽ ഒപ്പ് വച്ച കരാർ വ്യവസ്ഥ പ്രകാരം 2019 വർഷം കേരളത്തിൽ മാത്രം വിളഞ്ഞ തോടോട് കൂടിയ പച്ച തോട്ടണ്ടിയാവണം കാപ്പക്സിന് നൽകേണ്ടതെന്നിരിക്കെ പ്രസ്തുത വ്യവസ്ഥ ലംഘിച്ച് കൊണ്ട് അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വ്യാപാരികളുൾപ്പെടെയുള്ളവരിൽ നിന്നും സംഭരിച്ച തോട്ടണ്ടിയാണ് ശ്രീ. മുഹമ്മദ്ന കുഞ്ഞി ൽകിയത് എന്ന് വ്യക്തമായിട്ടുണ്ട്. രണ്ടു ഘട്ടങ്ങളിലായി മഹ്സൂഖ് ട്രെയിഡിംഗ് കമ്പനിയിൽ നിന്നും തോട്ടണ്ടി വാങ്ങിയതിലൂടെ കാപ്പെക്സിന് 2,09,35,000/- (രണ്ടു കോടി ഒമ്പതു ലക്ഷത്തി മുപ്പത്തി അയ്യായിരം രൂപാ മാത്രം) നഷ്ടം ഉണ്ടായിട്ടുണ്ട്. M/s മഹ്സൂഖ് ട്രെയിഡിംഗ് കമ്പനി വിതരണം ചെയ്ത തോട്ടണ്ടി ഉപയോഗിച്ച സാഹചര്യത്തിൽ, ടി കാലയളവിൽ കാഷ്യു ബോർഡ് ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ വിലയായ 75/കി.ഗ്രാം വച്ച് കണക്കാക്കുകയാണെങ്കിൽ കമ്പനിയ്ക്ക് ഇനി നൽകേണ്ട 118.08 ലക്ഷം രൂപ ഇത വരെ ൽകാതിരിക്കുന്നതിനാൽ അത് കഴിച്ച് 91.27 ലക്ഷം രൂപ കാപ്പക്സിന് പ്രസ്തുത ഇടപാടിൽ നഷ്ടം സംഭവിച്ചു.

11) മേൽ സാഹചര്യത്തിൽ, കരാർ വ്യവസ്ഥ പ്രകാരം 2019 വർഷം കേരളത്തിൽ മാത്രം വിളഞ്ഞ തോടോടു കൂടിയ പച്ച തോട്ടണ്ടിയാണെന്ന വ്യാജേന കേരളത്തിന് പുറത്തു നിന്നും തോട്ടണ്ടി വാങ്ങി നൽകിയത് കേരളത്തിലെ കർഷകരെയും സർക്കാരിനെയും വഞ്ചിക്കുന്നതിന് തുല്യമായും ഇതു സംബന്ധിച്ചുള്ള സർക്കാർ ഉത്തരവുകളുടെയും കാപ്പക്സുമായുള്ള കരാർ വ്യവസ്ഥകളുടെയും നഗ്നമായ ലംഘനമാണെന്ന് ബോധ്യമായിരിക്കുന്നു. ടിയാളുടെ കമ്പനിയുടെ ടി പ്രവർത്തി മൂലം പ്രസ്തുത കാലയളവിൽ ഇറക്കുമതി ചെയ്ത തോട്ടണ്ടിയ്ക്ക് 75/- രൂപ മാത്രം വിലയുണ്ടായിരുന്നപ്പോൾ, തോട്ടണ്ടിയ്ക്ക് കിലോഗ്രാമിന് ആദ്യ ഘട്ടത്തിൽ 123/- രൂപയും രണ്ടാം ഘട്ടത്തിൽ 110/- രൂപയും നൽകിയതിന് പുറമെ handling charge ഇനത്തിൽ 3.50/- രൂപയും മഹ്സൂഖ് ട്രെയിഡിംഗ് കമ്പനി അധികമായി കൈപ്പറ്റിയിരിക്കുന്നു. ടിയാൾക്ക് നൽകുവാനുള്ള 118.08 ലക്ഷം രൂപ ഇത് വരെ നൽകാതിരുന്നാൽ ഈ ഇടപാടിൽ 91.27 ലക്ഷം രൂപ ടിയാൾ അധികമായി കൈപ്പറ്റിയിരിക്കുന്നു. ഈ സാഹചര്യത്തിൽ വില കുറഞ്ഞ കശുവണ്ടി വാങ്ങി, കേരളത്തിലെ കർഷകർക്ക് നൽകുവാൻ നിശ്ചയിച്ച ഉയർന്ന വിലയിൽ കാപ്പക്സിന് നൽകിയ മഹ്സൂഖ് ട്രെയ്ഡിംഗ് കമ്പനി ഉടമ ശ്രീ മുഹമ്മദ് കുഞ്ഞിയിൽ നിന്നും 91.27 ലക്ഷം രൂപ ഉചിത മാർഗ്ഗേന തിരിച്ചു പിടിക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബാക്കി നൽകാൻ അവശേഷിക്കുന്ന 118.08 ലക്ഷം രൂപ ഇതിനാൽ നിരസിച്ചുകൊണ്ടും തീരുമാനിച്ച് ഇതിനാൽ ഉത്തരവാകുന്നു. അപ്രകാരം M/s Mahsooq Trading Company ഉടമ ശ്രീ മുഹമ്മദ് കുഞ്ഞി കെ.എ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.19763/2022 കേസ്സിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 08/08/2023 -ലെയും RP No. 904/2023 -ന്മേലുള്ള 11/09/2023 തീയതിയിലെയും വിധിന്യായങ്ങൾ പാലിച്ച് കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു പ്രഭാകർ
സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറൽ ഓഫീസ്, എറണാകുളം. (ആമുഖ കത്ത് ഉൾപ്പെടെ)
ഡയറക്ടർ, വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കാപ്പക്സ്, കൊല്ലം.
ശ്രീ. മുഹമ്മദ് കുഞ്ഞി കെ.എ, പ്രൊപ്രൈറ്റർ, മഹ്ഷൂക്ക് ട്രേഡിംഗ് കമ്പനി, മേനാത്ത് ഷോപ്പിംഗ് കോംപ്ലക്സ്, ചെർക്കള, പി.ഒ ചെങ്കള, കാസറഗോഡ് - 671 541.
പ്രിൻസിപ്പൽ എ.ജി. (എ&ഇ)/(ഓഡിറ്റ്), തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ (കെ2/194/2022/വ്യവ.)

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
സെക്ഷൻ ഓഫീസർ
Date: 04-04-2024 10:39:36

സ.ഉ.(സാധാ) നം:274/2024/ID

<u>പകർപ്പ്::-</u> ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി. എസ് -ന്
കാഷ്യു സെക്രട്ടറിയുടെ പി.എ -യ്ക്ക്.